# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 10**

---

## വൈദ്യുതി വിതരണത്തിൽ ഗുണകരമാകുന്ന കണ്ടുപിടുത്തം; എം.ജി. സർവകലാശാലയ്ക്ക് കേന്ദ്ര സർക്കാർ പേറ്റൻറ്

വളരെ ഉയർന്ന തോതിൽ വൈദ്യുതി കടന്നുപോകുന്ന കേബിളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഇൻസുലേറ്റിംഗ് നാനോ ഡൈലക്ട്രിക് പോളിമർ സംയുക്തങ്ങളെക്കുറിച്ചുള്ള പഠനത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗവേഷണ സംഘത്തിന് കേന്ദ്ര സർക്കാരിൻറെ പേറ്റൻറ് ലഭിച്ചു.

വൈസ് ചാൻസലർ പ്രഫ. സാബു തോമസും തിരുവല്ല മാർതോമാ കോളജിലെ കെമിസ്ട്രി വിഭാഗം അധ്യാപിക ഡോ. ജോസ്മിൻ പി. ജോസുമാണ് പോളി എത്തിലിനും നാനോ കണികകളും സംയോജിപ്പിച്ച് പുതിയ പോളിമെർ സംയുക്തം വികസിപ്പിച്ചത്.

ഫ്രാൻസിലെ ഇൻസാ ലിയോൺ ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞരുടെ സഹകരണവും പുതിയ നാനോ കോമ്പസിറ്റ് വികസിപ്പിക്കുന്നതിന് ഇവർക്ക് ലഭിച്ചു. വളരെ കുറഞ്ഞ അളവിൽ അലുമിന നാനോകണങ്ങൾ ക്രോസ് ലിങ്ക്ഡ് പോളി എത്തിലിനിൽ വിന്യസിച്ച് ഉത്പാദിപ്പിക്കുന്ന സംയുക്തത്തിന് ഹൈ വോൾട്ടേജ് കേബിളുകളുടെ ഇൻസുലേഷനുവേണ്ടി നിലവിൽ ഉപയോഗിക്കുന്ന പദാർത്ഥങ്ങളേക്കാൾ ഇരട്ടി ഗുണമേ?യുണ്ടാകും. താരതമ്യേന കൂടുതൽ കാലം നിലനിൽക്കുന്നതുകൊണ്ടു തന്നെ ചിലവ് ഗണ്യമായി കുറയുകയും ചെയ്യും.

സർവകലാശാല 2018 ഒക്ടോബറിലാണ് പേറ്റൻറിന് അപേക്ഷിച്ചത്. വൈദ്യുതി വിതരണ മേഖലയിൽ ഗുണപരമായ മാറ്റത്തിന് വഴിതെളിക്കുന്നതാണ് ഈ കണ്ടുപിടുത്തം.

(പി.ആർ.ഒ/39/167/2023)

***ഹാക്കത്തോൺ മാർച്ച് 24 വരെ***

## ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനുള്ള മികച്ച ആശയങ്ങൾക്ക് സമ്മാനം

കാഞ്ഞിരപ്പള്ളി എയ്ഞ്ചൽ വില്ലേജിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഇൻകുബേഷൻ കേന്ദ്രം നടത്തുന്ന ബിൽഡ് യുവർ ലെഗോ ഹാക്കത്തോണിൽ ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി മാർച്ച് 24 വരെ നീട്ടി. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമത്തിനും ഉയർച്ചയ്ക്കും ഉപകരിക്കുന്ന ആശയങ്ങളാണ് നൽകേണ്ടത്.

ഏറ്റവും മികച്ച ആശയങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും ഒന്നര ലക്ഷം രൂപ വരെ സമ്മാനമായി നൽകും. iddhackathon.com എന്ന ലിങ്ക് വഴിയാണ് അപേക്ഷിക്കേണ്ടത്. ഹാക്കത്തോണിൽ ലഭിക്കുന്ന മികച്ച ആശയങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന രീതിയിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് സഹായം നൽകും.

എം.ജി. യൂണിവേഴ്സിറ്റി ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററും(ബി.ഐ.ഐ.സി) ഭിന്നശേഷിക്കാരുടെ ക്ഷേമ രംഗത്ത് സജീവമായ കാഞ്ഞിരപ്പള്ളിയിലെ സന്നദ്ധ സ്ഥാപനമായ വി കെയർ സെന്ററും സംയുക്തമായാണ് സംസ്ഥാനത്ത് ആദ്യമായി ഭിന്നശേഷിക്കാരുടെ ക്ഷേമം ലക്ഷ്യമിടുന്ന സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സെന്റർ തുടങ്ങിയത്.

(പി.ആർ.ഒ/39/168/2023)

## ജെ.ആർ.എഫ്; മാർക്ക് ലിസ്റ്റ് അപ് ലോഡ് ചെയ്യാൻ ക്രമീകരണം

സർവകലാശാലാ പഠന വകുപ്പുകളിലും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും കോഴ്സ് വർക്ക് പരീക്ഷ പൂർത്തിയായി ഫലം  കാത്തിരിക്കുന്ന ഗവേഷകർക്ക് സർവകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് (2022-23) അപേക്ഷിക്കുന്നതിന്  കോഴ്സ് വർക്കിൻറെ മാർക്ക് ലിസ്റ്റ് അപ് ലോഡ് ചെയ്യാൻ പോർട്ടലിൽ (researchonline.mgu.ac.in) Upload the document late എന്ന ഓപ്ഷൻ  ഉൾപ്പെടുത്തി.

ഗവേഷകർ അവസാന തീയതിയായ ഫെബ്രുവരി 11നുള്ളിൽ  അപേക്ഷ സമർപ്പിക്കണം. കോഴ്സ് വർക്കിൻറെ മാർക്ക് ലിസ്റ്റ് അപ് ലോഡ്  ചെയ്യുന്നതിന് മാർച്ച് 11 വരെ സമയം അനുവദിച്ചിട്ടുണ്ട്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ അപ് ലോഡ് ചെയ്യാത്ത ഗവേഷകരുടെ അപേക്ഷകൾ അറിയിപ്പ് കൂടാതെ നിരസിക്കും.

(പി.ആർ.ഒ/39/169/2023)

## ജെറിയാട്രിക് റീഹാബിലിറ്റേഷൻ ആൻറ് വെൽനെസ്സ് ; ഡിപ്ലോമ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും കോതമംഗലം പീസ് വാലി ട്രസ്റ്റും സംയുക്തമായി ജെറിയാട്രിക് റീഹാബിലിറ്റേഷൻ ആൻറ് വെൽനെസ്സ് എന്ന വിഷയത്തിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു.

അടിസ്ഥാന യോഗ്യത പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു. പ്രായപരിധിയില്ല.  രജിസ്ട്രേഷൻ ഫീസ് 9000 രൂപ.ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകളുണ്ടാകും.

താല്പര്യമുള്ളവർ iucdsmgu@mgu.ac.in എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ: 0481-2731580, 9947922791.

(പി.ആർ.ഒ/39/170/2023)

## സൗജന്യ രോഗ നിർണയ ക്യാമ്പ് സംഘടിപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലാ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും (ഐ.യു.സി.ഡി.എസ്) കോതമംഗലം പീസ് വാലി ട്രസ്റ്റും ലയൺസ് ക്ലബ് ഓഫ് കോട്ടയം ലേക്ക് സിറ്റിയും സംയുക്തമായി സൗജന്യ രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിൽ (ഡി.എ.എസ്.പി) വൈസ് ചാൻസലർ പ്രഫ.(ഡോ.) സാബു തോമസ് ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ നൂറോളം പേർ പങ്കെടുത്തു.

ഐ.യു.സി.ഡി.എസ് ഓണററി ഡയറക്ടർ പ്രഫ. (ഡോ.) പി.ടി. ബാബുരാജ്, ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ ഡോ. സണ്ണി വി. സക്കറിയ്യ, ദയ പാലിയേറ്റീവ് കെയർ സൊസൈറ്റി സെക്രട്ടറി രാജീവ് കല്ലറയ്ക്കൽ, എൽബ ക്യുര്യൻ,ഐ.യു.സി.ഡി.എസ് ജോയിൻറ് ഡയറക്ടർ ഇ. രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോ.സതീഷ് കുമാറും ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോ.സി.വി. ഷാജിയും പീസ് വാലി മെഡിക്കൽ ടീമും ക്യാന്പിന് നേതൃത്വം നൽകി.

(പി.ആർ.ഒ/39/171/2023)

## അപേക്ഷ; സമയപരിധി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാല പ്രൈവറ്റ് രജിസ്ട്രേഷൻ യു.ജി, പി.ജി. കോഴ്സുകൾക്ക് (202223) 2205 രൂപ ഫൈനോടു കൂടി ഫെബ്രുവരി 17 വരെ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/172/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ - ഇൻറലക്ച്വൽ ഡിസെബിലിറ്റി, ലേണിംഗ് ഡിസെബിലിറ്റി (2021 അഡ്മിഷൻ റഗുലർ, 2018-2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് - ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷകൾ മാർച്ച് 22 ന് ആരംഭിക്കും.

പിഴയില്ലാതെ മാർച്ച് രണ്ട് വരെയും പിഴയോടു കൂടി മാർച്ച് മൂന്നിനും സൂപ്പർഫൈനോടു കൂടി മാർച്ച് നാലിനും അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

...........................

ഒന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ - ലേണിംഗ് ഡിസെബിലിറ്റി, ഇൻറലക്ച്വൽ ഡിസെബിലിറ്റി (2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് - ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷകൾ ഫെബ്രുവരി 27ന് ആരംഭിക്കും.

പിഴയില്ലാതെ ഫെബ്രുവരി 15 വരെയും പിഴയോടു കൂടി ഫെബ്രുവരി 16നും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി 17നും അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

...........................

ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ് പ്രോഗ്രാമിൻറെ ഒന്നു മുതൽ എട്ടു വരെ സെമസ്റ്ററുകളുടെ (2010, 2011,2012 അഡ്മിഷൻ വിദ്യാർഥികൾക്ക് മാത്രം) മെഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 22 വരെ അപേക്ഷ സമർപ്പിക്കാം. പിഴയോടു കൂടി ഫെബ്രുവരി 23 നും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി 24 നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/173/2023)

## <u>പ്രാക്ടിക്കൽ</u>

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017, 2018, 2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 14 മുതൽ അതത് കോളജുകളിൽ നടത്തും.

...........................

ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷ ബി.എസ്.സി എം.എൽ.ടി (2014 അഡ്മിഷൻ മുതൽ സപ്ലിമെൻററി, 2008-2013 അഡ്മിഷനുകൾ മെഴ്സി ചാൻസ് - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 14 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

രണ്ടാം സെമസ്റ്റർ എം.എ മൃദംഗം (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷൻ സപ്ലിമെൻററി - ഡിസംബർ 2022) പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 14 ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/174/2023)

## <u>പരീക്ഷാ ഫലം</u>

നാലാം സെമസ്റ്റർ എം.എ സംസ്കൃതം സ്പെഷ്യൽ (വ്യാകരണ, സാഹിത്യ, വേദാന്ത, ന്യായ) പി.ജി.സി.എസ്.എസ് , റഗുലർ - ഓഗസ്റ്റ് 2022 പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 24 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/175/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**